"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജിയോ ആന്റണി [PEN No.874346] -യുടെ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2179/2024/LSGD   തീയതി,   തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. 26.04.2019 -ലെ സ.ഉ(സാധാ)നം.894/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. 16.09.2024 -ലെ സ.ഉ(സാധാ)നം.1709/2024/തസ്വഭവ നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 10. 10. 2024- ലെ LSGD / PD / 35562 / 2024 - DEA6 നമ്പർ കത്ത്.
4. പ്രൊജക്റ്റ് ഡയറക്ടറുടെ 16.10.2024- ലെ A1 / 336 / 2020 /PMULSGD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ അന്യത്രസേവനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. ജിയോ ആന്റണി -യുടെ അന്യത്രസേവന കാലാവധി പരാമർശം(2) പ്രകാരം 03.10.2024-ന് അവസാനിച്ചിട്ടുള്ളതിനാൽ ടിയാന്റെ അന്യത്രസേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുവാൻ പരാമർശം(4) പ്രകാരം പ്രൊജക്റ്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം നിരാക്ഷേപപത്രം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) പ്രകാരം സ്ഥാപിതമായ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പ്രവർത്തന കാലാവധി അവസാനിക്കാറായിട്ടുണ്ടെങ്കിലും അത് ഏറ്റെടുത്ത ചില പദ്ധതികൾ ഇനിയും

പൂർത്തീകരിക്കാനുള്ള സാഹചര്യം കണക്കിലെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജിയോ ആന്റണി -യുടെ PIU RKI, തൃശ്ശൂർ യൂണിറ്റിലെ അന്യത്രസേവന കാലാവധി 04.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി അല്ലെങ്കിൽ RKI -യുടെ പ്രവർത്തനാനുമതി അവസാനിക്കുന്നത് വരെ, ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ എന്ന വ്യവസ്ഥയോട് കൂടി നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും കെ. എസ്. ആർ ഭാഗം I ചട്ടം 140(സി) യിലെ നിബന്ധനകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീ. ജിയോ ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. പ്രൊജക്റ്റ് ഡയറക്ടർ, PMU RKI, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 13-11-2024 12:41:19